തൽ ദിവസം ജോലികൊടുക്കുവാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) കർഷകർക്ക് ന്യായമായ വില നൽകി കുത്തക സംഭരണം ഏർപ്പെടുത്തുവാൻ നടപടി എടുക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) കർഷകരുടെകൂടി സഹകരണത്തോടെ കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തുന്നതിനുവേണ്ടി കർഷകരുടെ വിവിധ സംഘടനകളുമായി പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും കർഷ സംഘടനകൾ അനുകൂലമായ നിലപാടല്ല സ്വീകരിച്ചത്. ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തിയാൽ മാത്രമേ കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ എന്ന് പറയാനാവില്ല. കുത്തക സംഭരണം ഇല്ലാതെ തന്നെ 1999-ൽ കാഷ്യൂ കോർപ്പറേഷന് 140 ദിവസവും കാപ്പെക്സിന് 125 ദിവസവും 2000-ൽ നാളിതുവരെ കോർപ്പറേഷന് 100 ദിവസവും കാപ്പെക്സിന് 50 ദിവസവും ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) കർഷകരുമായി ചർച്ച നടത്തി, കർഷകർക്കും വ്യവസായികൾക്കും സ്വീകാര്യമായ ഒരു പദ്ധതിയുണ്ടാക്കാൻ സാധിക്കുമെങ്കിൽ അത് നടപ്പിലാക്കുന്നകാര്യം പരിഗണിക്കാം.

19 (*139) മത്സ്യത്തൊഴിലാളികൾക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും മോചിതരാകുന്നു. മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നു. മത്സ്യത്തൊഴിലാളികൾക്ക് പ്രവർത്തന മൂലധനവും പഞ്ഞമാസങ്ങളിൽ മറ്റു ചെലവുകൾക്കുള്ള തുകയും ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly